**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരിന്തൽമണ്ണ നഗരസഭാ വക ഹൈടെക് ഷോപ്പിംഗ് കോംപ്ലക്സ് - വാടക ഒഴിവാക്കി നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 383/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 06.02.2015.

==========================================================================

പരാമർശം:- 1) പെരിന്തൽമണ്ണ നഗരസഭാ കൗൺസിലിന്റെ 31.10.2014-ലെ 14-ാം നമ്പർ തീരുമാനം..

2) പെരിന്തൽമണ്ണ നഗരസഭാ സെക്രട്ടറിയുടെ 18.11.2014-ലെ ആർ4-5940/11 നമ്പർ കത്ത്.

**ഉത്തരവ്**

പെരിന്തൽമണ്ണ നഗരസഭാ വക സ.ഗോവിന്ദൻ നമ്പ്യാർ സ്മാരക ഹൈടെക് ഷോപ്പിംഗ് കോംപ്ലക്സിലെ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന പെരിന്തൽമണ്ണ സർവ്വീസ് സഹകരണ ബാങ്കിന് അനുവദിച്ച മുറികളുടെ വാടക, വൈദ്യുതി ലഭിക്കുന്ന തീയതി മുതലാക്കണമെന്ന ബാങ്ക് അധികൃതരുടെ അപേക്ഷ പരിഗണിച്ച് ടി മുറികളുടെ 2014 ജൂലൈ മാസം വരെയുള്ള വാടക ഒഴിവാക്കി നൽകുന്നതിന് പരാമർശം (1) പ്രകാരം പെരിന്തൽമണ്ണ നഗരസഭാ കൗൺസിൽ തീരുമാനമെടുക്കുകയും ആയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം പെരിന്തൽമണ്ണ നഗരസഭാ സെക്രട്ടറി അപേക്ഷിക്കുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരിന്തൽമണ്ണ സർവ്വീസ് സഹകരണ ബാങ്കിന് അനുവദിച്ച മുറികൾക്ക് 2014 ജൂലൈ മാസംവരെയുള്ള വാടക ഒഴിവാക്കി നൽകുന്നതിന് പെരിന്തൽമണ്ണ നഗരസഭാ കൗൺസിൽ പരാമർശം (1) പ്രകാരം എടുത്ത തീരുമാനം സാധൂകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എസ്. വേണുഗോപാലൻ നായർ,**
**ഡെപ്യൂട്ടി സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പെരിന്തൽമണ്ണ നഗരസഭ, മലപ്പുറം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**